# ഫുഡ്സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

തൈക്കാട്.പി.ഒ, തിരുവനന്തപുരം.695014

Ph: 0471-2322833, 2322844. Fax: 0471-2322855

Email:foodsafetykerala@gmail.com

Website: www.foodsafety.kerala.gov.in


നം. എ/47/2016/സി.എഫ്.എസ് തീയതി.30.03.2016

## സർക്കുലർ

സർ,

വിഷയം:- സിഎഫ്എസ്- ഭക്ഷ്യസുരക്ഷാ ലൈസൻസ്/ രജിസ്ട്രേഷൻ- ഫീസ്- ചെല്ലാൻ മുഖാന്തിരം ഒടുക്കിയത്-തിരികെ നൽകുന്നത്- നിർദ്ദേശം- സംബന്ധിച്ച്.

............................

ഭക്ഷ്യസുരക്ഷാ ലൈസൻസ് രജിസ്ട്രേഷൻ എന്നിവ നേടുന്നതിനുള്ള ഫീസ് ഓൺലൈൻ വഴി ഒടുക്കുന്നതിനുള്ള ഉത്തരവ് ഉണ്ടെങ്കിലും ആയതിനെ കുറിച്ച് വ്യക്തമായ അറിവില്ലാതെ ഫുഡ് ബിസിനസ്സ് ഓപ്പറേറ്റർമാർ ഫീസ് ട്രഷറി ചെല്ലാൻ മുഖാന്തിരം ഒടുക്കിയത് തിരികെ ലഭിക്കുന്നതിനായി വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ടി സാഹചര്യത്തിൽ ട്രഷറി ചെല്ലാൻ മുഖാന്തിരം ഒടുക്കിയ ഫീസ് തിരികെ നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശം ചുവടെ ചേർക്കുന്നു.

1. ട്രഷറി ചെല്ലാൻ എടുക്കുകയും എന്നാൽ ആയത് ഓൺലൈൻ പേയ്മെന്റ് അല്ലാത്തതിനാൽ ബന്ധപ്പെട്ട ലൈസൻസിംഗ് അതോറിറ്റി സ്വീകരിക്കാതിരിക്കുകയും കൂടാതെ പ്രസ്തുത ഫുഡ് ബിസിനസ്സ് ഓപ്പറേറ്റർ ട്രഷറി ചെല്ലാനു പുറമേ ഓൺലൈനിൽ കൂടി വീണ്ടും പണം ഒടുക്കി ലൈസൻസിനോ രജിസ്ട്രേഷനോ അപേക്ഷിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ ട്രഷറി ചെല്ലാൻ വഴി ഒടുക്കിയ തുക മടക്കി ലഭിക്കുവാൻ അർഹതയുണ്ടായിരിക്കും.
2. ഇതിനായി ട്രഷറി നിർദ്ദേശിച്ചിട്ടുള്ള ഫോറം പൂരിപ്പിച്ച് ലൈസൻസിംഗ് അതോറിറ്റിയുടെ എൻഡോഴ്സ്മെന്റും പണം തിരികെ നൽകാനുള്ള ഉത്തരവും ഇതിനായി അപേക്ഷ നൽകുന്ന ഫുഡ് ബിസിനസ്സ് ഓപ്പറേറ്റർമാർക്ക് നൽകേണ്ടതാണ്.

U

3. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷ, അതിനെ തുടർന്ന് പുറപ്പെടുവിക്കുന്ന ഉത്തരവ്, ചെല്ലാന്റെ പകർപ്പ് എന്നിവ സഹിതം ബന്ധപ്പെട്ട ഫയൽ കൃത്യമായി സൂക്ഷിക്കേണ്ടതും ഓഡിറ്റിന് വിധേയമാക്കേണ്ടതുമാണ്.

**അനുപമ.റ്റി.വി.ഐ.എ.എസ്**

**ഭക്ഷ്യസുരക്ഷാ കമ്മീഷണർ**

**സ്വീകർത്താവ്**

1. എല്ലാ അസിസ്റ്റന്റ് ഫുഡ് സേഫ്റ്റി കമ്മീഷണർമാരും (പകർപ്പ് എല്ലാ ഫുഡ് സേഫ്റ്റി ഓഫീസർമാർക്കും ലഭ്യമാക്കണമെന്ന നിർദ്ദേശത്തോടെ)

**പകർപ്പ്**

1. ജോയിന്റ് ഫുഡ് സേഫ്റ്റി കമ്മീഷണർ (അഡ്മിനിസ്ട്രേഷൻ&ലീഗൽ)
2. ജോയിന്റ് ഫുഡ് സേഫ്റ്റി കമ്മീഷണർ (എൻഫോഴ്സ്മെന്റ്)
3. കമ്മീഷണറുടെ സിഎ
4. സി സെക്ഷൻ
5. വെബ് സൈറ്റ്
6. ഫയൽ/സ്റ്റോക്ക് ഫയൽ